(സി) ആശുപത്രികൾ, ക്ളിനിക്കുകൾ തുടങ്ങിയ സ്ഥാപനങ്ങൾ ചികിൽസയെ പ്പറ്റി നടത്തുന്ന പരസ്യങ്ങൾക്കെതിരെ നടപടി എടുക്കാൻ നിയമപരമായി സാധിക്കു കയില്ല. എന്നാൽ പരസ്യത്തിൽ മരുന്നിന്റെയും രോഗത്തിന്റെയും പേരുണ്ടെങ്കിൽ 1954-ലെ ഡ്രഗ്സ് ആന്റ് മാജിക് റെമഡീസ് ആക്ടിലെ വ്യവസ്ഥ പ്രകാരം നിയമ നടപടികൾ സ്വീകരിക്കാം.

(ഡി) ഇല്ല.

കൊണ്ടോട്ടിയിൽ ആയുർവേദ ആശുപത്രി

142 [3843] *ശ്രീ. കെ. എൻ. എ. ഖാദർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലാ ആയുർവേദ ആശുപത്രി കൊണ്ടോട്ടിയിൽ ആരംഭിക്കുമെന്ന് മുൻ ആരോഗ്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചിരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ആവശ്യം പരിഗണിക്കുന്നുണ്ടോ;

(സി) എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) & (സി) സർക്കാരിന്റെ സാമ്പത്തികനിലയും തദ്ദേശഭരണ സ്ഥാപനങ്ങ ളുടെ സഹകരണവും കണക്കിലെടുത്ത് മാത്രമേ ഇക്കാര്യം പരിഗണിക്കാൻ കഴിയുക യുള്ളൂ. കാരണം ഇതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കേണ്ടത് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളാണ്.

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വിദ്യാഭ്യാസ രംഗത്ത് ആവശ്യമായ പരിഗണന

143 [3844] *ശ്രീ. തോമസ് ചാഴികാടൻ:*
,, *കെ. നാരായണക്കുറുപ്പ്:*
,, *റോഷി അഗസ്റ്റിൻ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വിദ്യാഭ്യാസ രംഗത്ത് ആവശ്യമായ പരിഗണന ലഭിച്ചിട്ടില്ലായെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇതിന് എന്തു പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശി ക്കുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

GPM. 2/256/2012—23

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ വിഭാഗം വിദ്യാർത്ഥികൾക്ക് ആവശ്യമായ പരിഗണന നൽകുന്നുണ്ട്.

(ബി) & (സി) ചോദ്യം ഉദിക്കുന്നില്ല.

എസ്.സി., എസ്.ടി., ഒ.ഇ.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ സ്റ്റൈപ്പെന്റ്

144 [3845] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എസ്.സി., എസ്.ടി., ഒ.ഇ.സി. വിഭാഗത്തിൽപ്പെട്ട എത്ര വിദ്യാർത്ഥികൾ സ്റ്റൈപ്പെന്റ് കൈപ്പറ്റുന്നുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ഈ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് എത്ര മാസത്തെ സ്റ്റൈപ്പെന്റ് കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കുടിശ്ശിക എന്നത്തേക്ക് നൽകാൻ കഴിയുമെന്ന് അറിയിക്കാമോ;

(ഡി) സ്റ്റൈപ്പന്റ് കുടിശ്ശിക ലഭിക്കാത്തതിനാൽ പ്രസ്തുത വിദ്യാർത്ഥികളുടെ അദ്ധ്യയനം മുടങ്ങുന്ന സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പട്ടികവർഗ്ഗവിഭാഗത്തിൽ പ്രീ മെട്രിക്കുലേഷൻ തലത്തിൽ 72,398 വിദ്യാർത്ഥികളും (68,460-എസ്.റ്റി., 3938-ഒ.ഇ.സി.) പോസ്റ്റ് മെട്രിക് തലത്തിൽ 6,402 വിദ്യാർത്ഥികളും (5,755-എസ്.റ്റി., 647-ഒ.ഇ.സി.) വിദ്യാഭ്യാസാനുകൂല്യം കൈപ്പറ്റുന്നുണ്ട്.

പട്ടികജാതി വിഭാഗത്തിലെ ഈ വിഭാഗം വിദ്യാർത്ഥികളുടെ വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ 2004 ഒക്ടോബർ മാസം മുതലുള്ള സ്റ്റൈപ്പെന്റ് കുടിശ്ശികയാണ്.

പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ ഇതു സംബന്ധിച്ച വിവരം ശേഖരിച്ചുവരികയാണ്.

(സി) ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നൽകുന്നതാണ്.

(ഡി) ഇതുമൂലം കുട്ടികൾക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിന് കുടിശ്ശിക തീർത്തു നൽകുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly